സംസ്ഥാന പോലീസ് മേധാവി നമ്പർ 6/14 ആയി സർക്കുലർ നൽകിയിട്ടുണ്ട്. ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് സേനയിൽ ജനമൈത്രീ പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, വനിതാ ഹെൽപ്പ് ലൈൻ, സിറ്റിസൺ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജനമൈത്രി സംവിധാനം പോലീസ് സേനയെ ജനസൗഹൃദ സേനയാക്കി മാറ്റുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. മോശമായി പെരുമാറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നികുതി ഏകീകരണം

17 (*17) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കർണ്ണാടകയിൽ അധിക നികുതി പിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനായി കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം

18 (*18) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അനുകൂലമായും, പ്രതികൂലമായും നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടും പരിഹാര നിർദ്ദേശങ്ങളും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സെക്രട്ടേറിയറ്റിൽ 2014 ഒക്ടോബർ 1-ലെ കണക്കു പ്രകാരം എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കാര്യക്ഷമമായ സേവനം നടത്താൻ പ്രാപ്തമാകുംവിധം ജീവനക്കാരുടെ സമീപനത്തിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പത്രമാധ്യമങ്ങളിൽ ഇതു സംബന്ധിച്ച് വാർത്തകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റടക്കമുള്ള എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനസേവനത്തിലധിഷ്ഠിത മാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വിഭാഗം ജീവനക്കാർക്കും ഫലപ്രദമായും സമയബന്ധിതമായും ടെയിനിംഗുകൾ നൽകുകയും സെക്രട്ടേറിയറ്റിലെത്തുന്ന ജനങ്ങൾക്ക് ജീവനക്കാരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നതിനായി പഞ്ചിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. IDEAS എന്ന ഇൻറർനെറ്റ് അധിഷ്ഠിത ഫയൽ ട്രാക്കിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ തൽസ്ഥിതി സെക്രട്ടേറിയറ്റിൽ വരാതെ തന്നെ അറിയാൻ കഴിയും. പരാതികളുമായി വരുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി സെക്രട്ടേറിയറ്റിൽ 3 സന്ദർശക സഹായക കേന്ദ്രങ്ങളും ജനങ്ങൾക്ക് ഏതുസമയവും സർക്കാരിനെ സമീപിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററും ഇ-ഓഫീസ് നടപ്പിലാക്കുക വഴി സെക്രട്ടേറിയറ്റിന്റെ ഭരണസമ്പ്രദായം ഫലപ്രദവും കാര്യക്ഷമവുമാകുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളാണ്. മാത്രമല്ല, സെക്രട്ടേറിയറ്റിൽ ഓരോ ഉദ്യോഗസ്ഥതലത്തിലുമുള്ള ഫയലുകളിൽ നീക്കം ഉറപ്പാക്കാൻ സമയപരിധി നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പ്രാബല്യത്തിലുണ്ട്. ഇത്തരം ഭരണനടപടികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക വഴിയും ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന സൗകര്യങ്ങൾ അനുവദിക്കുന്നതിലൂടെയും സെക്രട്ടേറിയറ്റടക്കമുള്ള സർക്കാർ ജീവനക്കാർ അവരിൽ നിക്ഷിപ്തമായ കടമ നിർവ്വഹിക്കുകയും അർപ്പണബോധത്തോടുകൂടിയും കാര്യക്ഷമമായും സർക്കാർ സേവനം നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്.

(സി) സെക്രട്ടേറിയറ്റിൽ 2014 ഒക്ടോബർ 1-ലെ കണക്കുപ്രകാരം 4795 ജീവനക്കാരാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ഉറപ്പുവരുത്തുന്നതിനും ജീവനക്കാരുടെ സമീപനത്തിൽ കൂടുതൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുമുള്ള നിരവധി ഭരണപരമായ നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

തീരദേശ കപ്പൽ ഗതാഗത പദ്ധതി

19 (*19) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സീകരിച്ചിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. റോഡ് - റെയിൽ മാർഗ്ഗങ്ങളിൽ കൂടിയുള്ള ചരക്കുനീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചരക്കുഗതാഗതത്തിന്റെ 15% 2015-ഓടുകൂടിയും, 40% 2020-ഓടുകൂടിയും 50% 2030-ഓടുകൂടിയും തീരദേശ കപ്പൽ ഗതാഗതം വഴി നടത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതി 9-11-2013-ൽ കൊല്ലം തുറമുഖത്ത് വച്ച് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിനോടകം കൊല്ലം തുറമുഖത്തെ പുനർജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ

LIBRARY ARCHIVES Kerala Legislative Assembly